"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിൽ 2024 ഡിസംബർ 20 മുതൽ 2025 ജനുവരി 5 വരെ നടന്ന എലൈറ്റ് ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിനു ഈടാക്കാവുന്ന വിനോദ നികുതിക്ക് ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.779/2025/LSGD തീയതി,തിരുവനന്തപുരം, 23-03-2025

---

പരാമർശം:- 1. Malappuram District Football Association - സെക്രട്ടറിയുടെ കത്ത്

2. മലപ്പുറം മുനിസിപ്പാലിറ്റി ഭരണ സമിതിയുടെ 30/11/2024 തീയതിയിലെ 16/ നമ്പർ തിരുമാനം

**ഉത്തരവ്**

2024 ഡിസംബർ 20 മുതൽ 2025 ജനുവരി 5 വരെ കോട്ടപ്പടി സ്റ്റേഡിയത്തിൽ എലൈറ്റ് ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നടത്തി വരികയാണെന്നും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കും ജില്ലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനു വേണ്ടി ധനശേഖരാണർത്ഥമാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച മലപ്പുറം മുനിസിപ്പാലിറ്റി ഭരണ സമിതി, സർക്കാർ അനുമതിക്ക് പരാമർശം 2 പ്രകാരം ശിപാർശ നൽകിയിരുന്നു .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം മലപ്പുറം മുനിസിപ്പാലിറ്റി ഭരണ സമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടപ്പടി സ്റ്റേഡിയത്തിൽ 2024 ഡിസംബർ 20 മുതൽ 2025 ജനുവരി 5 വരെ നടന്ന എലൈറ്റ് ഡിവിഷൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിനു ഈടാക്കുന്ന വിനോദ നികുതിക്ക്, Kerala Local Authorities Entertainment Tax Act, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ,വിനോദ നികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കിൽ 50% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മലപ്പുറം മുനിസിപ്പാലിറ്റി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി (RC2/609/2024-LSGD)

Signed by Pradeesh M.
Date: 24-03-2025 11:09:16

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ